കോഴിക്കോട് ജില്ലയിലെ വിവിധ വകുപ്പുകളിൽ സർജന്റ് പാർട്ട് I നേരിട്ടുള്ള നിയമനം (Cat No: 289/24), സർജന്റ് പാർട്ട് II തസ്തികമാറ്റം വഴിയുള്ള നിയമനം (Cat No: 290/24) തസ്തികകളുടെ 09.06.2025 ന് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടുകയും അസ്സൽ പ്രമാണ പരിശോധന പൂർത്തിയാക്കുകയും ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭിമുഖ പരീക്ഷ **25.09.2025** തീയതിയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ **കോഴിക്കോട്** മേഖലാ ഓഫീസിൽ വെച്ച് നടത്തുന്നതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ അഡ്മിഷൻ ടിക്കറ്റ് ലഭ്യമാക്കിയിട്ടുള്ളതിനാൽ വ്യക്തിഗത ഇന്റർവ്യൂ മെമ്മോ അയയ്ക്കുന്നതല്ല. അഡ്മിഷൻ ടിക്കറ്റ് പ്രൊഫൈലിൽ നിന്നും ഡൌൺലോഡ് ചെയ്തെടുത്ത ആവശ്യമായ രേഖകൾ സഹിതം അഡ്മിഷൻ ടിക്കറ്റിൽ പരാമർശിച്ച ഓഫീസിൽ നിശ്ചിത തിയ്യതിയിലും സമയത്തും അഭിമുഖത്തിന് ഹാജരാകേണ്ടതാണ്. ഉദ്യോഗാർത്ഥികൾ പരിഷ്കരിച്ച BIO DATA (Appendix-28 A) PSC യുടെ Website ൽ നിന്നും Download ചെയ്ത് പൂരിപ്പിച്ച് ഹാജരാക്കേണ്ടതാണ്. അഡ്മിഷൻ ടിക്കറ്റ് പ്രൊഫൈലിൽ ലഭ്യമായിട്ടില്ലാത്തവർ പി.എസ്.സി. കോഴിക്കോട് ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. (Ph.No. 0495 2371971).